# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1708** — 04.10. 2016 ൽ മറുപടിക്ക്

### വൈദ്യുതി ബോർഡ് ലാഭനഷ്ട കണക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി.അനിൽകുമാർ<br>" അൻവർ സാദത്ത്<br>" ഐ.സി.ബാലകൃഷ്ണൻ<br>" വി.ടി.ബൽറാം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>( വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) വൈദ്യുതി ബോർഡ് ലാഭത്തിലാണെന്ന നിഗമനത്തിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയാണ് ഈ വർഷം പ്രതീക്ഷിക്കുന്ന ലാഭം; വ്യക്തമാക്കുമോ; | (എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 22.06.2016 – ൽ പ്രസിദ്ധീകരിച്ച കരട് കണക്കുകൾ പ്രകാരം, 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. എൽ - ന് 574.79 കോടി രൂപ റവന്യൂമിച്ചം ഉണ്ടെന്ന പ്രാഥമിക അനുമാനത്തിൽ എത്തിച്ചേർന്നിരുന്നു. കണക്കുകൾ പരിശോധിക്കുന്ന പൊതുതെളിവെടുപ്പിൽ 2016-17 ൽ 2057.56 കോടി കമ്മി വരുമെന്നാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് വ്യക്തമാക്കിയത്. ഇക്കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി); വൈദ്യുതി ബോർഡ് നടപ്പ് വർഷത്തെ വരവ് ചെലവ് കണക്കുകളും താരീഫ് പെറ്റീഷനും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്? | (ബി) പൊതു തെളിവെടുപ്പിന്റെ ഭാഗമായി വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ